DESPATCHED
On..21/01/2019

9/01/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic@kerala.nic.in

**ഹർജി നമ്പർ AP.No.1357(4)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.8616/SIC-Gen 2/2015**
**സന്നിഹിതൻ**
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. ദീപു .കെ,
ദീപു വിഹാർ,
കല്ലേലിഭാഗം പി.ഒ.,
കരുനാഗപള്ളി, കൊല്ലം – 690 519. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സൂപ്രണ്ട് (അഡ്മിനിസ്ട്രേഷൻ വിംഗ്),
കേരള വനിതാ കമ്മീഷൻ,
പട്ടം പി.ഒ., പി.എം.ജി., തിരുവനന്തപുരം –4.

2. അപ്പീൽ അധികാരി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
കേരള വനിതാ കമ്മീഷൻ,
പട്ടം പി.ഒ., പി.എം.ജി., തിരുവനന്തപുരം –4. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 20.02.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 10.03.2015 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 25.03.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 08.04.2015 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 21.05.2015 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 22.05.2015 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ഒന്നാം എതിർകക്ഷിയുടെ ഓഫീസിൽ 2013ൽ ടിയാനെതിരെ സോന ചാൾസ് എന്നയാൾ നൽകിയ പരാതി സംബന്ധിച്ചായിരുന്നു വിവരാവകാശ അപേക്ഷയിൽ ചോദിച്ചത്.

2. ഇതുമായി ബന്ധപ്പെട്ട് 17.06.15ൽ കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് ഒന്നാം എതിർകക്ഷി 25.06.15ൽ കമ്മീഷന് റിപ്പോർട്ട് നൽകി.

3. അപ്പീൽ ഹർജിക്കാരൻ, 2013 ഫെബ്രുവരി /മാർച്ച് കാലയളവിൽ സോന ചാൾസ്, ടി.സി 2/1674, വൈശാഖ്, ഗൗരീശ പട്ടം, തിരുവനന്തപുരം എന്ന പേരിൽ വനിതാ കമ്മീഷനിൽ പരാതി നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടിയും ടി രേഖകളുടെ പകർപ്പുമാണ് ആവശ്യപ്പെട്ടതെന്നും, ഫയൽ

നമ്പരോ തീയതിയോ ഒന്നും സൂചിപ്പിച്ചിരുന്നില്ല എന്നും, ബന്ധപ്പെട്ട സെക്ഷനുകളും കമ്പ്യൂട്ടറുകളും പരിശോധിച്ചതിൽ മേൽപ്രകാരമുള്ള ഒരു പരാതിയും ലഭിച്ചിട്ടില്ല എന്ന് കണ്ടെത്തിയതിനാൽ അത്തരത്തിൽ മറുപടി നൽകുകയും ആണ് ചെയ്തതെന്നും റിപ്പോർട്ടിൽ പറഞ്ഞു.

4. ഇതിനുശേഷം 07.01.2020ൽ കമ്മീഷൻ ആസ്ഥാനത്ത് ഹിയറിങ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

5. അപ്പീൽ ഹർജിക്കാരനെതിരെ 2013ൽ ശ്രീമതി. സോനാ ചാൾസ് എന്ന വ്യക്തി പരാതി സമർപ്പിച്ചതായി പരിശോധനയിൽ കണ്ടില്ല എന്നും അതുകൊണ്ടാണ് ഈ വിവരം അറിയിച്ചുകൊണ്ട് മറുപടി നൽകിയതെന്നും ഒന്നാം എതിർകക്ഷി ഹിയറിങ്ങിൽ പറഞ്ഞു.

6. ഒന്നാം എതിർകക്ഷിയുടെ മൊഴിയും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ഒന്നാം എതിർകക്ഷിയുടെ മൊഴിയിൽ പറഞ്ഞ കാര്യങ്ങളും, ടിയാൻ നൽകിയ മറുപടിയും വസ്തുതാപരവും, നിയമപരവുമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ, ടി അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് കമ്മീഷൻ ഇന്നേ ദിവസം, 2020 ജനുവരി മാസം 9–ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**അഡീഷണൽ സെക്രട്ടറി (നിയമം)**

gk.

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

RIGHT TO INFORMATION